# CHAPPARAPADAVA HSS

LITTLE KITES  (Batch 2022-2025)

DIGITAL MAGAZINE

# ഇതൾ



# ആമുഖം

2023 –24 അധ്യയനവർഷത്തിൽ ചപ്പാരപ്പടവ് ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാർഥികളുടെ രചനകൾ കൂട്ടിച്ചേർത്ത് തയ്യാറാക്കിയ "ഇതൾ "ഡിജിറ്റൽ മാഗസിൻ സന്തോഷപൂർവ്വം സമർപ്പിക്കുന്നു. ഇതിനുവേണ്ടി പ്രവർത്തിക്കുമ്പോൾ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ വളരെയധികം സന്തോഷം അനുഭവിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈ മാഗസിൻ കുട്ടികളുടെ പ്രവർത്തനങ്ങൾക്ക് തുടക്കവും പ്രചോദനവും ആകട്ടെ...............

ആശംസകളോടെ...

ആശ ജോസ്

( കൈറ്റ് മിസ്ട്രസ് )

# ഉള്ളടക്കം


ആമുഖം
അനാഥ പെൺകുട്ടി
ശലഭം
കൃഷിച്ചൊല്ലുകൾ
അറിവിൻറെ വില
പൂങ്കാറ്റ്
മാതൃസ്നേഹം
ഏഴ് നിറങ്ങൾ
നാടൻ പാട്ടുകൾ
കാലാവസ്ഥ കേരളത്തിൽ
എൻറെ ഗ്രാമം

# എഡിറ്റോറിയൽ ബോർഡ്

മിൻഹാ ഷെറിൻ ഇഖ്ബാൽ

തഹാനി ഫാത്തിമ

തൻവീറ ടിപി

റിഫാ ഫാത്തിമ

ഫാത്തിമത്ത് സുഹറ

ഫാത്തിമത്ത് നാസിയ എ.പി

ഹബീബ മുഹമ്മദ്

നെയ്മ  അബ്ദുൽ ഫത്താഹ്



വര : റിബിന.വി.വി

# അനാഥ പെൺകുട്ടി

സ്വാലിഹ.എം.കെ

രാത്രിസമയം .കൂരാക്കൂരിരുട്ട് അതിലേക്ക് വെളിച്ചം പരത്തി ആഘോഷത്തിൽ പുഞ്ചിരിച്ചു നിൽക്കുന്ന ചന്ദ്രൻ .തണുത്ത കാറ്റ് അവിടമാകെ വീശി. മുറ്റത്തെ ആൽമരത്തിന് ചുവട്ടിൽ ചാരു കസേരയിൽ ഇരിക്കുന്ന മുത്തശ്ശൻ ,മക്കളേ ...എന്ന് നീട്ടിവിളിച്ചു .ഉടനെതന്നെ തൻറെ രണ്ട് പേരമക്കൾ അവിടേക്ക് ഓടിയെത്തി. പുൽപ്പായ വിരിച്ച് മുറ്റത്ത് അവർ ഇരുവരും ഇരുന്നു .മുത്തശ്ശൻ മുഖത്തേക്ക് നോക്കി ചോദിച്ചു .ഇന്ന് ഏത് കഥയാണ് ? മുത്തശ്ശൻ എപ്പോഴും കഥ പറഞ്ഞു തരുന്നത് കൊണ്ടാവാം അവർ ഇങ്ങനെ ഒരു ചോദ്യം ചോദിച്ചത് .ഒരു അനാഥ പെൺകുട്ടിയുടെ കഥ എന്നാൽ വേഗം പറയൂ മുത്തശ്ശാ... അവർ ആഘോഷത്തോടെ മുത്തച്ഛന്റെ മുഖത്തേക്ക് നോക്കിയിരുന്നു . മുത്തശ്ശൻ കഥ പറഞ്ഞുതുടങ്ങി .

പണ്ട് ഒരു നാട്ടിൽ ഒരു പെൺകുട്ടി ഉണ്ടായിരുന്നു. അവളുടെ പേര് അക്ഷര എന്നായിരുന്നു. ആരോരുമില്ലാതെ കഴിയുന്ന ഒരു അനാഥയായിരുന്നു അവൾ. വെറും ഏഴോഎട്ടോ മാത്രം പ്രായം. മുഷിഞ്ഞ വസ്ത്രം അണിഞ്ഞ് മുടിയിൽ ജഡ കെട്ടി ചുട്ടുപൊള്ളുന്ന വെയിലത്ത് ഒരു ചെരുപ്പ് പോലുമില്ലാതെ അവൾ ദിവസവും വഴിയാത്രക്കാരോട് പണത്തിനായി കെഞ്ചും.. നല്ല മനസ്സുള്ള ഒന്നോ രണ്ടോ ആൾക്കാർ അവൾക്ക് ചില്ലറകൾ കൊടുക്കും. ആ പണംകൊണ്ട് അവളുടെ വിശപ്പടക്കാൻ സാധിച്ചില്ല. രാത്രിയാവുമ്പോൾ ഒഴിഞ്ഞ വയറുമായി അവൾ വഴിയോരത്തെ വിളക്ക് മരത്തിന് താഴെ കിടന്നുറങ്ങും. അവളുടെ സങ്കടങ്ങൾ

പറയാൻ അവൾക്ക് കൂട്ടുകാർ ഉണ്ടായിരുന്നില്ല. മറ്റു കുട്ടികൾ അവളെ കളിയാക്കുമ്പോൾ അവളുടെ മനസ്സ് വല്ലാതെ വിഷമിക്കും ആയിരുന്നു.

അക്ഷരയുടെ സങ്കടങ്ങൾ കൂടിക്കൂടിവന്നു. ആരോടെങ്കിലും ഒന്ന് തുറന്നു പറഞ്ഞാൽ മനസ്സിന് സമാധാനം ലഭിക്കുമെന്ന് അവൾക്ക് തോന്നി. അക്ഷര പലരുടെയും അടുത്ത് ചെന്ന് തൻറെ സങ്കടങ്ങൾ പറയാൻ ശ്രമിച്ചു. അതിനൊന്നും ആരും ചെവി കൊടുത്തില്ല. എല്ലാവരുംഅവരവരുടെ തിരക്കുകളിലേക്ക് പരക്കം പായുന്നു. അവൾ അടുത്തേക്ക് ചെല്ലുമ്പോൾ പലരും ഓടി മാറുന്നു.
അന്ന് രാത്രി അവൾ വിളക്ക് മരത്തിനടിയിൽ കിടന്ന് പൊട്ടിക്കരഞ്ഞു. തൻറെ സങ്കടങ്ങൾ മുഴുവനും അവൾ ആ വിളക്ക് മരത്തോട് പറഞ്ഞു. കരഞ്ഞു പറഞ്ഞ കലങ്ങിയ കണ്ണുകളോടെ ഒഴിഞ്ഞ വയറുമായി അവൾ കിടന്നുറങ്ങി. തണുപ്പ് കാരണം അവൾ വിറയ്ക്കുന്നുണ്ടായിരുന്നു. വഴിയിൽക്കൂടി പോയ അപരിചിതൻ അവളെ കണ്ടു. അയാൾ അവളുടെ അടുത്തേക്ക് നടന്നു നീങ്ങി. നിശബ്ദമായ ആ രാത്രിയിൽ അപരിചിതന്റെ കാലടി ശബ്ദം അവളുടെ കാതിൽ മുഴങ്ങി. പേടിച്ചുപോയ അവൾ പിന്നോട്ട് നീങ്ങി.
അയാളുടെ മുഖത്തേക്ക് നോക്കി. അയാൾ അവളുടെ തോളിൽ കൈവെച്ചു കൊണ്ട് പറഞ്ഞു പറഞ്ഞു. പേടിക്കണ്ട ഞാൻ നിന്നെ ഒന്നും ചെയ്യില്ല. നിൻറെ പേര് എന്താണ്? അവൾ ഒന്നും ഉരിയാടാതെ അയാളുടെ മുഖത്തേക്ക് നോക്കി. പേടിയോടെ പേര് പറഞ്ഞു. അവൾ വിറയ്ക്കുന്നത് കണ്ട് കാറിലേക്ക് പോയി ഒരു പുതപ്പ് എടുത്ത് അവളെ പുതപ്പിച്ചു. നീ എങ്ങനെയാണ് ഇവിടെ എത്തിയത്? നിനക്ക് അച്ഛനും അമ്മയും ഇല്ലേ? നിൻറെ വീട് എവിടെയാണ്? അയാൾ നിർത്താതെ ചോദ്യങ്ങൾ ചോദിച്ചു. എനിക്ക് വീടില്ല എൻറെ അച്ഛനും അമ്മയും ഞാൻ കുഞ്ഞായിരുന്നപ്പോൾ ഒരു വാഹനാപകടത്തിൽ മരണപ്പെട്ടു. പിന്നീട് ഞാൻ വളർന്നത് അമ്മായിയോടൊപ്പം ആണ്. അവർക്ക് ഞാൻ ഒരു ഭാരം ആണെന്ന് തോന്നിയപ്പോൾ പല തന്ത്രങ്ങളിലൂടെ അവർ എന്നെ പുറത്താക്കി. എങ്ങോട്ടെന്നില്ലാതെ ഞാൻ നടന്നു. ഇത് പറയുമ്പോൾ അവളുടെ കണ്ണ് നിറഞ്ഞൊഴുകുന്നത് അയാൾ കണ്ടു . അയാൾക്ക് മക്കൾ ഉണ്ടായിരുന്നില്ല. അവളെ അയാൾ ഒപ്പം കൂട്ടി. അയാളുടെ ഭാര്യക്കുംഅവളെ ഒരുപാട് ഇഷ്ടപ്പെട്ടു. അവർ ഭക്ഷണവും വസ്ത്രവും വാങ്ങിക്കൊടുത്തു. സ്കൂളിൽ ചേർത്തു. അവൾക്ക് ഒരുപാട് കൂട്ടുകാരെ ലഭിച്ചു സന്തോഷങ്ങളും സങ്കടങ്ങളും പങ്കുവയ്ക്കുന്നത് വിളക്ക് മരം നോക്കിനിന്നു.



# ശലഭം

അഭിരാമി. വി
എട്ടാം തരം

ഇരയിമ്മൻ തമ്പിയാൽ  പാടിയ പാട്ടിൽ
പൂക്കളെ  പോലൊരു  വർണ ശലഭം
മഴവില്ലുപോലും  തോറ്റുപോകും .
ഈ ശലഭത്തിൻ ചേല്  കണ്ട് ....
ആരു  നിനക്കേകി  ഈ നറു  വർണങ്ങൾ !
ആരു  നിനക്കേകി ഈ രണ്ടു ചിറകുകൾ!
പൂവിലെ പൂമ്പൊടി നുകർന്നതിൻ  രസവും
ശലഭത്തിൻ  വർണത്താൽ മയങ്ങുന്നു പൂവും
ആരും കൊതിക്കും  ഈ ശലഭത്തിൻ  ചേല്
പകർന്നു തരുമോ  എനിക്കായ്  നീ ...

## 23– 24 വർഷത്തെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ

### FREEDOM FEST





## എട്ടാംക്ലാസ് പ്രിലിമിനറി ക്യാമ്പ്





# ഒമ്പതാം ക്ലാസ് സ്കൂൾതല ക്യാമ്പ്



# ഐഡൻറിറ്റി കാർഡ് വിതരണം





# കൃഷിച്ചൊല്ലുകൾ

1. ഉടമയുടെ കണ്ണ് ഒന്നാംതരം വളം
2. കതിരിൽ വളം വച്ചിട്ടു കാര്യമില്ല!
3. അടയ്ക്കയായാൽ മടിയിൽ വയ്ക്കാം അടയ്ക്കാമരമായാലോ
4. അടുത്തുനട്ടാൽ അഴക് ,അകലത്തിൽ നട്ടാൽ വിളവ്
5. അമരത്തടത്തിൽ തവള കരയണം
6. ആരിയൻ വിതച്ചാ നവര കൊയ്യാമോ
7. ആഴത്തിൽ ഉഴുതു അകലത്തിൽ നടണം
8. ആഴത്തിൽ ഉഴുത് അകലത്തിൽ വിതയ്ക്കുക
9. ഇടവം തൊട്ട് തുലാത്തോളം കുട കൂടാതിറങ്ങൊല്ല
10. ഇല്ലംനിറ വല്ലം നിറ പെട്ടി നിറ പത്തായം നിറ
11. ഉരിയരിക്കാനും എന്നും ഉരിയരി തന്നെ
12. ഉഴവിൽ തന്നെ കള തീർക്കണം

സമ്പാദനം:മിൻഹ ഷെറിൻ

തഹാനി ഫാത്തിമ

# അറിവിന്റെ വില

മിൻഹാ ഷെറിൻ ഇഖ്ബാൽ

ഒരിക്കൽ അപ്പുവിനോട് ടീച്ചർ സ്റ്റാഫ് റൂമിലേക്ക് ഉത്തരപ്പേപ്പറും കൊണ്ട് വരാൻ ആവശ്യപ്പെട്ടത് പ്രകാരം അവിടേക്ക് പോകുകയാണ് അപ്പു. അവിടേക്ക് എത്തിയ അപ്പുവിനോടായി ടീച്ചർ പറഞ്ഞു, "എന്താണ് അപ്പു നീ ഈ കാണിച്ചു വച്ചിരിക്കുന്നത് ?.നീ തന്നെയാണോ ഇത്. എങ്ങനെ പടിക്കുന്ന കുട്ടിയായിരുന്നു നീ. ഒരുപാട് പ്രതീക്ഷകൾ ഉണ്ട് ഈ സ്കൂളിന് , നിന്നിൽ. അത് നീ തകർക്കരുത്."

ടീച്ചറിന്റെ ഈ വാക്കുകൾക് മുന്നിൽ അപ്പുവിന്റെ മാനസിൽ ഒരൽപം പോലും കുലുങ്ങിയില്ല. അവൻ തന്റെ കൂട്ടുകാരുമൊത്തുള്ള നിമിശങ്ങളിൽ ആനന്ദം കണ്ടെത്താൻ തുടങ്ങി. പയ്യെപ്പയ്യെ അവൻ പഠനകാര്യത്തിൽ നന്നേ പിറകോട്ട് പോയിത്തുടങ്ങി. അടുത്ത പരീക്ഷക്കുള്ള തയ്യാറെടുപ്പ് തുടങ്ങി. പരീക്ഷ ദിവസവും വന്നെത്തി. പരീക്ഷ ഹാളിൽ എങ്ങും നിശബ്ദത, തന്റെ കൂട്ടുകാർ ചോദിക്കുന്ന ഒരു ചോദ്യത്തിന് പോലും ഉത്തരമില്ലാതെ അപ്പു വിയർത്തു. പരീക്ഷയുടെ ദിവസങ്ങൾ ഒന്നൊന്നായി കടന്നു എല്ലാ ദിവസവും അപ്പു ഏതാണ്ട് ഇങ്ങനൊക്കെ  തന്നെ. പരീക്ഷയുടെ ലീവാണ് അടുത്തത് , അതും അപ്പു ആവോളം ആസ്വദിച്ചു. സ്കൂൾ തുറന്നു. മാർക്കും കിട്ടി. പ്രതീക്ഷിച്ചത് പോലെ അപ്പുവിനും

കൂട്ടുകാർക്കും മാർക്ക് വളരെ കുറവാണ്. അപ്പുവിനോട് അന്ന് മുതൽ അവന്റെ കൂട്ടുകാർക്ക് ഒരു പുച്ഛമായിരുന്നു. ആവശ്യമില്ലാത്ത ഒരു സാധനത്തെ പോലെ ഒറ്റപ്പെടുത്താൻ തുടങ്ങി. അത് അപ്പുവിന് ഒരു പുതിയ അനുഭവമായിരുന്നു. അവൻ ആകെ തകർന്നു.ഇതേ സമയം അച്ഛൻ ഇതെല്ലാം അറിഞ്ഞിരുന്നു. മകന്റെ ഒന്നിനോടും താത്പര്യം ഇല്ലാത്ത പോലുള്ള നടപ്പും അച്ഛനെ സങ്കടത്തിലാക്കി. അച്ഛൻ മകനോട് കാര്യം തിരക്കി. അപ്പു അച്ഛനോട് എല്ലാം പറഞ്ഞു. അച്ഛൻ തന്റെ പഴയകാലത്തെ പറ്റി മകനോട് പറഞ്ഞു തുടങ്ങി. "മകനേ ഞാൻ നിന്നോട് കുറച്ച് കാര്യങ്ങൾ പറയാം. എനിക്ക് പഠിക്കാൻ കഴിവുണ്ടായിരുന്നോ എന്ന് എനിക്കറിയില്ല. പക്ഷേ അതിന് വേണ്ടി ഒരിക്കൽ പോലും ഞാൻ ആത്മാർത്ഥമായി അതിന് വേണ്ടി ശ്രമിച്ചിട്ടില്ല. കൂട്ടുകാരും മറ്റുമായി ആഹ്ലാദത്തോടെ ജീവിച്ചു. അങ്ങനെ വളർച്ചയുടെ ആദ്യഘട്ടമായ എസ്. എസ്. എൽ. സി പരീക്ഷയുടെ ഫലപ്രഖ്യാപനം എനിക്കത്ര സുഖകരമായിരുന്നില്ല. അതിന് ശേഷം ഞാൻ അച്ഛന്റെ കൂടെ പാടത്തേക്കിറങ്ങി. അന്നും എനിക്കതോർത്ത് ഒരു നിരാശ ഉണ്ടായിരുന്നില്ല. പക്ഷെ ,ഇപ്പോൾ അത് എന്റെ ജീവിതത്തിലെ തീരെ നഷ്ടമാണ്. കർഷകരുടെ  ഇപ്പോഴത്തെ അവസ്ഥ നിനക്ക് ഞാൻ പറഞ്ഞ് തരണ്ട ആവശ്യം ഇല്ലല്ലോ.. കൂട്ടുകാർ എല്ലാവരും ഒരുപോലെയല്ല പലരും പലതരത്തിലാണ്.ജീവിതം ഒരു പസിൽ ആണ്."അച്ഛന്റെ ഉപദേശം മകനെ പോസിറ്റീവായി സ്വധീനിച്ചു.ശേഷം അപ്പു

പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. അച്ഛന്റെ ഉപദേശം കാരണം അപ്പു ഉയരങ്ങളിലേക്ക് എത്തി. വിലമതിക്കാത്ത സമ്പത്താണ് അറിവ്.

# പൂങ്കാറ്റ്

അനന്യ.പി.പി

തഴുകിയുണർത്തുന്ന പൂങ്കാറ്റേ,
എൻ നെറുകിൽ നീ വന്നൊന്നിരുന്നാട്ടേ!
എൻ അരികത്തു നീ വന്നിരുന്നാൽ
എൻ ദു:ഖങ്ങൾ നീ അകറ്റീടും.
നീ തഴുകിയ തണുപ്പ് എൻ ശരീരത്തിൽ
കുളിർമയേകുന്ന പൂങ്കാറ്റേ
തലോടിടുന്ന എൻ കാറ്റേ
എൻ നെറുകിൽ നീ വന്നൊന്നിരുന്നാട്ടേ
ഓടിവാ ഓടിവാ കാറ്റേ....
നീ പാടിവാ പാടിവാ  കാറ്റേ....
നിന്നെ എനിക്കൊന്നു കാണാൻ
എത്ര നാളായിയൊന്നു കൊതിച്ചു....

# മാതൃസ്നേഹം

-ഫാത്തിമത്ത് സുഹ്റ കെ.പി

വർണ്ണങ്ങൾ നിറഞ്ഞ ഈ വലിയ ലോകത്തിൽ ഉറുമ്പ് പോലെയാണ് മനുഷ്യർ.നമ്മൾ ലോകത്ത് ജീവിക്കുന്ന കാലത്തോളം നന്മയോടെ സന്തോഷത്തോടെ ജീവിക്കാൻ ശ്രമിക്കുക.നല്ലത് മാത്രം ചിന്തിക്കുക.നല്ലത് മാത്രം ചെയ്യുക.എല്ലാവരേയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുക.സ്നേഹം എന്ന വാക്കിനെ മോശമാക്കുന്നത് മനുഷ്യരുടെ ചിന്താഗതിയാണ്.മാതാപിതാക്കളുടെ സ്നേഹം ,മക്കളുടെ സ്നേഹം ,സഹോദരങ്ങളുടെ സ്നേഹം,കൂട്ടുകാരുടെ സ്നേഹം അങ്ങനെ എണ്ണാൻ കഴിയാതത്ര സ്നേഹമുണ്ട് ഈ ലോകത്ത്.

ഇത് ഒരു കുട്ടി പ്രസംഗിച്ച വരികളാണ്.അപ്പോൾ ഇത് എന്റെ മനസ്സിൽ വല്ലാതെ പതിഞ്ഞു.ഞാൻ ഒരു നിമിഷം ചിന്തിച്ചു പോയി,നാം ജീവിക്കുന്ന ചുറ്റുപാട് എങ്ങനെയുള്ളതാണെന്ന്?ആ കുട്ടിയുടെ വീടും പരിസരവും ഞാൻ പോയി സന്ദർശിച്ചു.ഒരു തകർന്ന ഓട് മേഞ്ഞ വീട്ടിലായിരുന്നു ആ കുട്ടി താമസിച്ചിരുന്നത്.പിതാവാണെങ്കിൽ മദ്യപാനിയുമാണ്.മാതാവിനെയും ഈ കുട്ടിയെയും പിതാവ് മദ്യപിച്ച് വന്ന് വളരെ അധികം ഉപദ്രവിക്കും.മാതാവാണ് വീട്ടുകാര്യങ്ങൾ നടത്തുന്നത്.പിതാവ് ജോലി പണത്തിന് മുഴുവൻ മദ്യപിക്കും.

അങ്ങനെ ഒരിക്കൽ കുട്ടിയും തന്റെ മാതാവും ഒരു കല്ല്യാണത്തി
ന് പോവുകയായിരുന്നു.അത് കുട്ടിക്ക് വളരെ സന്തോഷം ഉണ്ടായ ദിവസമായിരുന്നു.പക്ഷെ,അത് കുട്ടിയുടെ ജീവിതം തന്നെ മാറ്റി മറിച്ചു. കുട്ടി പോയ വണ്ടിയിൽ ബസ്സ് വന്ന് കൂട്ടിയിടിച്ചു.ആ അപകടം കുട്ടിയെ ദുരന്തത്തിലേക്ക് തള്ളി നീക്കി.കുട്ടിയിക്ക് ചെറിയ പരിക്ക് പറ്റിയുള്ളൂ. മാതാവിന്റെ തലക്കായിരുന്നു പരിക്ക്.മാതാവ് അതുകൊണ്ട് ഈ ലോകത്തോട് ആ കുട്ടിയോട് വിട പറഞ്ഞു. പിതാവാണെങ്കിൽ

ആർക്കും  പോവാൻ കഴിയാത്ത ദൂരത്തേക്ക് തള്ളി നീങ്ങി.പിന്നീട് ആ കുട്ടിയെ നാട്ടുകാർ അനാഥാലയത്തിൽ എത്തിച്ചു.പിന്നീട് കുട്ടിയുടെ പഠനം അവിടെയായിരുന്നു.അങ്ങനെ കുട്ടി ദുഖത്തിൽ നിന്ന് പതുക്കെ പതുക്കെ വളർന്നു വലുതായി.അവൾ അനുഭവിച്ച ദുഖത്തിന് അവൾക്ക് സന്തോഷം കിട്ടി.സമാധാനം കിട്ടി.അവൾ അമ്മയ്ക്ക് കൊടുത്ത വാക്ക് പാലിച്ചു.വലിയ അറിയപ്പെട്ട ഡോക്ടർ ആയി മാറി.......പിന്നീട് അവൾക്ക് സന്തോഷം മാത്രമായ ജീവിതം ലഭിച്ചു.



# ഏഴു നിറങ്ങൾ

ഫാത്തിമ കെ.എം

ഒരു വലിയ മലപ്രദേശം. വിദൂരതയിൽ പച്ചപ്പട്ട് വിരിച്ച് കിടക്കുന്ന വലിയ താഴ്വര. അതിന്റെ മധ്യത്തിലായി ഒരു കൊച്ചു വീട്. ആ വീടിന് ചുറ്റും മനോഹരമ്മായ കുറിഞ്ഞിപ്പൂക്കൾ വിരിഞ്ഞ് നിൽക്കുന്നുണ്ടായിരുന്നു. ആ വീട്ടിലാണ് അപ്പുവും അമ്മയും താമസിക്കുന്നത്. രാവിലെ ഒരു ഏഴ് മണിക്ക് അപ്പു കിടക്കുന്ന മുറിയുടെ ജനലാഴികൾക്കിടയിലൂടെ സൂര്യകിരണങ്ങൾ വന്ന് അവന്റെ മുഖത്ത് പതിച്ചതും അവൻ "അമ്മേ..." എന്ന് വിളിച്ച് ഒരലറലായിരുന്നു.അടുക്കളയിൽ ജോലി ചെയ്തു കൊണ്ടിരിക്കുകയായിരുന്ന അമ്മ ഓടിച്ചെന്ന് അപ്പുവിനെ കെട്ടിപ്പിടിച്ചു.പിന്നെ ഒരു ചുംബനം നൽകി പോയി കുളിച്ച് വരാൻ പറഞ്ഞു.അപ്പു അമ്മ പറയുന്ന തെല്ലാം അനുസരിക്കുന്ന ഒരു നല്ല കുട്ടിയായിരുന്നു. അമ്മ പറഞ്ഞപോലെ ചെയ്ത് തീൻമേശയിൽ വന്നിയിരുന്നു.അപ്പോൾ അമ്മ ആവിപറക്കുന്ന പാൽ

ചായയും നല്ല ചൂട് ദോശയും കൊണ്ട് വന്ന് കൊടുത്തു. അത് അപ്പ നല്ല രുചിയോടെ ആസ്വദിച്ച് കഴിച്ചു. പിന്നെ പതിയെ മുറ്റത്തിറങ്ങി, തന്റെ പ്രിയപ്പെട്ട പപ്പിനെ ഒടിച്ചെന്നെടുത്തു.പിന്നെ മലമുകളിൽ വർണ്ണപരമായ ഏഴ് നിറങ്ങൾ ചുവപ്പ്,ഓറഞ്ച്,മഞ്ഞ, പച്ച,നീല,ഇൻഡിഗോ,വയലറ്റിന്റേയും നിറത്തിൽ മങ്ങി നിൽക്കുന്ന മഴവില്ലിനെ കാണാൻ ഇടയായി. അപ്പോൾ അപ്പുവിനും പപ്പിക്കും അതിയായ സന്തോഷം വന്നു.

# നാടൻ പാട്ടുകൾ

ശേഖരണം :സുഹറ

അക്കരെ വീട്ടിന്നു ചെണ്ടകൊട്ട്
ഇക്കരെ വീട്ടിന്നും ചെണ്ടകൊട്ട്
ചാണം തളിക്കെടീ കുഞ്ഞിപെണ്ണേ
ദീപം കൊളുത്തടി കുഞ്ഞിപെണ്ണേ
തെയ്യം വരുന്നുണ്ട് തെയ്യം വരുന്നുണ്ട്
മിറ്റത്തു വെക്കാം വാ കുഞ്ഞിപെണ്ണേ!

# കാലാവസ്ഥ കേരളത്തിൽ

മിൻഹ ഷെറിൻ ഇഖ്ബാൽ



നാമ്മുടെ പ്രാചീന കാലഘട്ടത്തിൽ കാലാവസ്ഥ ആലോചിക്കുമ്പോൾ തന്നെ മനസ്സിൽ കുളിരുകോരുന്ന ഒന്നാണ് . ആ കാലഘട്ടത്തിൽ കൃഷിയും പ്രകൃതിയുടെ ദൈവീകതയും നിറഞ്ഞ നാടായിരുന്നു നമ്മുടെ കേരളം. സമയാസമയം മഴയും വെയിലും വസന്തവും ഇവിടെ വിരുന്നിനായി വന്നിരുന്നു. ഇത്തരം കാലാവസ്ഥയുടെ മാറിമാറിയുള്ള വരവ് കർഷകർക്കും സാധാരണക്കാർക്കും അനുയോജ്യമായിരുന്നു. ആ സമയം കാർഷികമേഖലയിൽ പുരോഗതി കൈവരിച്ച് കർഷകർ തങ്ങളുടെ ജീവിതം സന്തോഷത്തോടെയും സമാധാനത്തോടെയും പച്ചവിരിച്ച് നിൽക്കുന്ന കേരളത്തിൽ ആഘോഷിച്ചിരുന്നു.

എന്നാൽ കാലക്രമേണെ കാലാവസ്ഥയിൽ പതിയെ പതിയെ വ്യതിയാനം ഉണ്ടായിത്തുടങ്ങി. സ്വാർത്ഥതക്കായി ഭൂമിയെ നശിപ്പിക്കുന്ന ഒരു കൂട്ടം

ജനങ്ങളുടെ മാനസികാവസ്ഥയുടെ കടന്ന് വരവായിരുന്നു അത്. കാലക്രമേണെ ഇത്തരം ചിന്തകൾ മനുഷ്യമനസ്സിനെ കീഴടക്കി. അതിന്റെ ഫലമായി ഫാക്ടറികളും ബഹുനിലകെട്ടിടങ്ങളും ഉയർന്ന് വരാൻ തുടങ്ങി. അതിനനുസരിച്ച് നമ്മുടെ കേരളത്തിലുണ്ടായിരുന്ന കാലാവസ്ഥവൈവിധ്യം തകരാനും തുടങ്ങി. കാലാവസ്ഥയിലെ ഈ വ്യതിയാനം കർഷകരെ ദോഷകരമായി ബാധിച്ചു. കൃഷിനാശം സംഭവിക്കാൻ തുടങ്ങി. കർഷകരുടെ എണ്ണം കുറഞ്ഞു. പ്രകൃതിവിഭവങ്ങൾക്കായി മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വന്നു. എന്നാൽ ഈ അടുത്ത കാലങ്ങളിലെ കാലാവസ്ഥ ആദ്യകാല ജനങ്ങൾക്ക് ചിന്തിക്കാനാകാത്തതാണ്. മഴയുടെ സമയത്ത് വെയിലും വെയിലിന്റെ സമയത്ത് മഴയും മാറിമാറി പച്ചവിരിച്ച കേരളം ആകെ മാറിപ്പോയിരിക്കുന്നു.

# എന്റെ ഗ്രാമം

സാനിയ തെരേസ:

അതിസുന്ദരമായ നാടാണ് കണ്ണൂർ. അതിലെ ഒരു ചെറിയ ഭാഗമാണ് തളിപ്പറമ്പ് എന്ന സ്ഥലം, അതിൽ സ്ഥിതിചെയ്യുന്ന ചെറിയ ഗ്രാമമാണ് മംഗര, എന്റെ ഗ്രാമം !

വിശാലമായ പുഴ, തോടുകൾ,അരുവികൾ, കുളങ്ങൾ എന്നിവകൾ ചേർന്ന അതിസുന്ദരമായ ഗ്രാമം. നമ്മുടെ മംഗര പുഴയിൽ നിന്ന് അടുത്തുള്ള മംഗരയിലേക്ക് കുറുകെ ഒരു പുതിയ പാലം വരുന്നുണ്ട്.ശ്രീ.ചാമുണ്ഡേശരി അമ്പലം, സെന്റ് തോമസ് ചർച്ച് മംഗര, ആയിഷ മസ്ജിദ് എന്നീ മതപരമായ ഏറെ പള്ളികൾ അമ്പലം മംഗരയിൽ ഉണ്ട്.മംഗരയിലെ പ്രശസ്തമായ ഭാഗമാണ് മംഗര സ്കൂൾ, ഇപ്പോൾ പുനർനിർമ്മാണം ചെയ്ത് വലിയ കെട്ടിടമാക്കി.എന്റെ ഇഷ്ടം എപ്പോഴും ആ പഴയ ഓടിട്ട ക്ലാസ്സുറിയും സ്കൂളുമാണ്.ശ്രീ.ചാമുണ്ഡേശരി അമ്പലത്തിന്റെ സമീപത്തായി വലിയ ആൽമരമുണ്ട്.അവിടെ കാവ് എന്നാണ് വിശേഷിപ്പിക്കാറ്.അവിടെ പോയി ഇരിക്കാൻ നല്ല രസമാണ്,നല്ലതണുപ്പാണ്.സ്പാർക്ക് മംഗര എന്നൊരു കൂട്ടായ്മയുണ്ട്.അതിലുള്ളവരെസ്പാർക്ക് ബ്രദേഴ്സ് എന്നാണ് പറയാറ്.മംഗരയിൽ എന്ത് പരിപാടി
ഉണ്ടെങ്കിലും അവർ  എല്ലാത്തിനും മുൻപിൽ നിന്ന്
നടത്തും.ഇതൊക്കെയാണ് എന്റെ ഗ്രാമത്തിൽ നിന്ന് എനിക്ക് പറയാനുള്ളത്.

# നാടൻപാട്ട്

ശേഖരണം:നാസിയ എ.പി

കൈയ്യോല പായ വിരിച്ച്
പായേലൊരുപറ നെല്ല  പൊലിച്ച്
കാതു കുത്താൻ എപ്പോവരും
നിന്റെമ്മാവന്മാരു പൊന്നെ....
ആ...ആ...ആ...ഏ...ഏ...ഏ...ഓ...ഓ...ഓ
കുന്നത്തങ്ങാടി  ഷാപ്പില് കേറി
പള്ള നിറയെ കള്ളു കുടിച്ച്
ആടിയാടി എപ്പോവരും
നിന്റൊങ്ങളമാര് പൊന്നെ
കാതുകുത്താൻ എപ്പോവരും
നിൻമ്മാവന്മാരു പൊന്നെ....
ആ... ആ....ആ...ഏ...ഏ...ഓ....ഓ...ഓ...

# ഡിജിറ്റൽ സാക്ഷരതായജ്ഞം





